**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 29** **07-10-2024 - ൽ മറുപടിയ്ക്ക്**

**കൊല്ലം ജില്ലയിൽ പുതിയ കേന്ദ്രീയ വിദ്യാലയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | കൊല്ലം ജില്ലയിൽ എത്ര കേന്ദ്രീയ വിദ്യാലയങ്ങൾ ഉണ്ടെന്ന വ്യക്തമാക്കാമോ; | (എ) | കൊല്ലം ജില്ലയിൽ ഒരു കേന്ദ്രീയ വിദ്യാലയം നിലവിലുണ്ട് . |
| (ബി) | കേന്ദ്ര സർക്കാർ കൊല്ലം ജില്ലയിൽ പുതുതായി കേന്ദ്രീയ വിദ്യാലയം അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ ഇവ തുടങ്ങുന്നതിന് വേണ്ടി സ്ഥലം കണ്ടെത്തി നൽകുന്നതിനും ക്ലാസുകൾ ആരംഭിക്കുന്നതിന് താത്കാലിക കെട്ടിടം കണ്ടെത്തി നൽകുന്നതിനും ജില്ലാ ഭരണകൂടം എടുത്തിട്ടുള്ള നടപടി വ്യക്തമാക്കാമോ; തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള സ്ഥലവും കെട്ടിടവും ലഭ്യമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) | കൊല്ലം ജില്ലയിൽ പുതുതായി ഒരു കേന്ദ്രീയ വിദ്യാലയം കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട് . കേന്ദ്രീയ വിദ്യാലയ അധികൃതർ ആവശ്യപ്പെട്ടതനുസരിച്ച് കേന്ദ്രീയ വിദ്യാലയം തുടങ്ങുന്നതിന് താൽകാലിക താമസസൗകര്യം അനുവദിക്കുന്നതിനായി 15 മുറികളുള്ള സൗകര്യങ്ങളോടുകൂടിയ വാടകയില്ലാതെ പ്രവർത്തിക്കുന്ന കെട്ടിടം കൊട്ടാരക്കര വില്ലേജിലും സമീപ വില്ലേജുകളിലും ലഭ്യമല്ല. കേന്ദ്രീയ വിദ്യാലയം ആരംഭിക്കുന്നതിന് താത്കാലിക സൗകര്യവും ഭൂമിയും കൊട്ടാരക്കര വിദ്യാഭ്യാസ ജില്ലയുടെ പരിധിയിലുള്ള സർക്കാർ സ്കൂളുകളിലും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. |
| (സി) | കൊല്ലം ജില്ലയിൽ അനുവദിച്ചിട്ടുള്ള പുതിയ കേന്ദ്രീയ വിദ്യാലയം ആരംഭിക്കുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ; പ്രസ്തുത കേന്ദ്രീയ വിദ്യാലയം തുടങ്ങുന്നതിനു കാലതാമസം വന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | കൊല്ലം ജില്ലയിലെ കൊട്ടാരക്കര താലൂക്കിൽ കൊട്ടാരക്കര വില്ലേജിൽ ബ്ലോക്ക് നമ്പർ 23 ൽ സർവെ നമ്പർ 272/3 –ൽ പ്പെട്ട അഞ്ചേക്കർ ഭൂമി ലീസ് വ്യവസ്ഥയിൽ കേന്ദ്രീയ വിദ്യാലയം തുടങ്ങുന്നതിനുവേണ്ടി മുപ്പത് വർഷത്തേയ്ക്ക് അനുവദിച്ച് ഉത്തരവായിട്ടുണ്ട് . കേന്ദ്രീയ വിദ്യാലയ അധികൃതർ പ്രസ്തുത സ്ഥലം സന്ദർശിച്ച് പരിശോധന നടത്തിയെങ്കിലും നാളിതുവരെ സ്ഥലം ഏറ്റെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ